ധ്വനി

# DHWANI

## S.N.V.H.S.S ANAD



(LITTLE KITES)DIGITAL MAGAZINE

(2020-2021)

# ധ്വനി



S.N.V.H.S.S ANAD2

# MESSAGE

I am happy to know that The Little kites club of S.N.V.H.S.S ANAD publish their annual magazine. I hope that theirmagazine will reflect the creativity of the students and uniqueness of your academic tradition. I extend my good wishes to annual magazine.

Headmistress

V.S.BEENA



# MESSAGE

I am very happy to know that little kite club of S.N.V.H.S.S ANAD publish its school magazine "DHWANI" during the month January 2020. I do hope that the magazine will highlight the creative and artistic talents of the students.Iwish the publication all success.

Principal SIREESH



# പൂവ്

പൂവേ പൂവേ കൊഴിയല്ലേ
ഒരിതളും നീ പൊഴിയ്ക്കരുതേ
കാറ്റ് വന്ന് വിളിച്ചാൽ നീ പോകരുതേ
പുതുമഴയിലും ഇതളുകൾ പൊഴിയ്ക്കരുതേ
കരിവണ്ട് വന്ന് വിളിച്ചാൽ നീ പോകരുതേ
അത് പൂന്തേനുണ്ണാൻ അണയുവതാണേ
നിന്നെ കാണാനെന്നും കൊതിയാണേ
എനിയ്ക്ക് നിന്നെ കാണാനെന്നും
കൊതിയാണേ

–

ശിവാനി.എസ്.ആർ
ക്ലാസ്സ്:9B



# MY FAMILY

I have a family
A small family
My papa is my hero ,
who is my best friend.
My mama is my star.
Who treats me like a fairy.
My brother is like my ally,
who always cries for my things.
I have a family,
My sweet little family.

SNEHA.S
S.T.D:9D

# TECHNOLOGY WE CAN'T LIVE WITHOUT

In the present scenario no one can live without technology. Many say that the tech savvy world is a bane of a boon. This is only because of a few foolish people who misuse it. To me, technology is a blessing in dis guise. It would take ages to reach Kanyakumari from Kashmir on foot. In this situation, technology comes to rescue. We have air planes to reach in a few hours Another example is bulldozer that can collect tons tons of garbage in few hours. It is not only saves time but also human efforts.

Some people play video games and waste their precious time. They take their cars and rush around the city causing problems for pedestrians.The real reason is not the vehicle but the people driving them. And because of these insensitive people, technology has became a curser rather than a blessing .So it can be said that we are handicapped with technology.It plays a very important role in our lives.

AKSHAYA RAJ
S.T.D:9 C




REPUBLIC PARADE OF S.N.V.H.S.S ANAD

ധ്വനി

# NATURE

Nature is the key to live,
Which has trees and mountains.
Where humans can relax mind,
But don’t destroy the nature.
Nature is colourful,
With flowers and butterflies.
They give us fresh air to breath.
But don’tdestroy the nature.
Nature destroy life of people,
And the beatful sights.
As floods and drought,
But don’t destroy the nature.

NITHYA.R
S.T.D: 9B

# മഴക്കുഴികളും മഴവെള്ളസംഭരണവും

ഇന്ന് നമ്മൾ ഒരുപാട് വരൾച്ച അനുഭവിയ്ക്കുന്നു. കാരണം നമ്മൾതന്നെയാണ്.ഇപ്പോൾ വികസനം എന്നപേരിൽ ഒരുപാട് മരം,ചെടികൾ തുടങ്ങിയവ നമ്മൾ മുറിച്ചുമാറ്റുന്നു.അതുകാരണം നമ്മുടെ ഭൂമിയിലെ പച്ചപ്പ് തന്നെ നഷ്ടമാകുന്നു.ഭൂമിയിലെ ജൈവവൈവിധ്യം അവസാനിയ്ക്കുന്നത്കൊണ്ടാണ് ഇവിടെ വരൾച്ച തുടങ്ങിയ ദുരന്തങ്ങൾ സംഭവിയ്ക്കുന്നത്.ഇതുമാറാൻ നമ്മൾ മുൻകരുതൽ എടുക്കണം.

മഴ പെയ്യുമ്പോൾ നമ്മൾ മഴക്കുഴികൾ എടുക്കണം. മഴവെള്ളം ഈ കുഴിയിൽ നിറയുകയും ഈ വെള്ളം മണ്ണിൽ പിടിച്ച് കിണർ ഊറുകയും ചെയ്യും.അങ്ങനെ ഒരുപരിധിവരെ നമുക്ക് വരൾച്ച ഒഴിവാക്കാം.നമുക്ക് പാത്രങ്ങളിൽ സംഭരിയ്ക്കാനും ഇതുപോലുള്ള വഴികൾ നമുക്ക് വരൾച്ചയിൽ നിന്ന് രക്ഷപ്പെടാൻ സഹായിയ്ക്കും.

SWAROOPATHI

ധ്വനി

COUNSELLING OF I ED STUDENTS FROM DOCTERS




S.N.V.H.S.S ANAD11

ധ്വനി



ലിറ്റിൽ കൈറ്റ്സിന്റെ ഏകദിന ക്യാമ്പിൽ വിദഗ്ദന്റെ ക്ലാസ്

# സ്വപ്നസാക്ഷാൽക്കാരം

സ്വപ്നങ്ങൾ പലരും
പലരീതിയിൽപലവലിപ്പങ്ങ
ളിൽ കാണുന്നതാണ്.......
അവ ചെറുതായാലും
നിറവേറ്റുവാൻ
ശ്രമിക്കുന്നവരാണ് ലക്ഷ്യങ്ങളിൽ
അതിവേഗം എത്തിചേരുന്നത്.....
ശ്രമങ്ങൾ ഇല്ലാതെ സ്വപ്ന
സാക്ഷാത്ക്കാരത്തിന്
അസ്ഥിത്വം ഇല്ല..........

കൃഷ്ണേന്ദു.ഡി
ക്ളാസ്സ്:9A



കുട്ടികൾക്കായുള്ള ജന്തുക്ഷേമ ബോധവൽക്കരണ സെമിനാർ

# മാതാപിതാക്കൾ

നമുക്ക് ജന്മം നൽകുന്ന മാതാപിതാക്കൾ,നമുക്ക് ജീവിതം നൽകുന്ന മാതാപിതാക്കൾ.നമ്മളെ നേർവഴിക്കുനയിക്കു ന്ന മാതാപിതാക്കൾ.നമുക്ക് സ്നേഹംനൽകുന്ന മാതാപിതാക്കൾ,എന്നിട്ടും നമ്മൾ ഇവരെ ഉപേക്ഷിക്കുന്നതെന്തിന് ,അവർ നമുക്ക് സ്നേഹവും കരുതലും ജീവിതവും തന്നു.നമ്മൾ ഇവർക്ക് എന്തു നൽകും,ഒന്നേ നൽകാനുള്ളൂ അതാണ് സ്നേഹം.പലരും വളരുമ്പോൾ മാതാപിതാക്കളെ ഉപേക്ഷിക്കുന്നു.എന്നാൽ നമ്മൾ വളരുമ്പോൾ അവരെ ഉപേക്ഷിക്കരുത്.

അഭിരാമി .എം.എം

ക്ലാസ്സ് . 9 A




# *MY FAMILY*

I have a family
A small little family
My papa is my hero,
Who is my best friend.
My mama is my star
Who treats me like a fairy.
My brother is like my ally,
who is always with me.
I have a little naughty sister
Who always cries for my things.
I have a family,
My sweet little family.

KRISHNEND
9F

# പ്രേമസംഗീതം

## ഉള്ളൂർ എസ് പരമേശ്വരയ്യർ

പരസുഖമേ സുഖമെനിക്കു നിയതം, പരദുഃഖം ദുഖം;ഒരൊറ്റമതമുണ്ടു -ലകി,ന്നയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃുള്ളൂം പാർവണശശിബിംബം
ഭക്ത്യനുരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിന്നൊരരിയാം നാസ്തികൃംതാൻ ദ്വേഷം; ലോകത്തി--
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.
മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,
മട്ടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.




II

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പൂ സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നല്കൂ.
പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?
പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻപുമാനും പ്രകൃതിസഹായൻപ്രപഞ്ചഘടനത്തിൽ.
പേർത്തും തമ്മിൽ പൃഥ്വ്യപേ്തജോവായ്വാകാശങ്ങൾ
പിണയ്പ്പുമേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പു സംഹൃതിയിൽ
വരിഞ്ഞു നില്പൊരു സു-മമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പൂസവിധത്തിൽ
മധുവ്രതത്തിനു മട്ടുമലർ വേണം മനം കുളിർപ്പിപ്പാൻ
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ
പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നടും ശുഭമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ

## ധ്വനി

ചൂടാൻമലരും ഘലനമാസ്ത്തോന്നിനദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി
പിതാവു, മാതാ, വുടപ്പിറന്നോർ ബാന്ധവരിഷ്ടന്മാർ
പ്രേയസി, മക്കൾ, ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതിമൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പദമായ് I

# ധ്വനി

[ 3 ]

III

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;

പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;

പ്രപഞ്ചമസ്മദ്വചനാമ്രേജനപണ്ഡിതമാം കീരം

പ്രപഞ്ചമസ്മൽഭാവവിഡംബന പാടവമാർന്ന നടൻ;

പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്വൂ;

പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.

വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,

വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.

പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ,-

ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?

പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;

പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.

നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടി-ടാം;

നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെI

മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ

മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ

പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ

പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.

പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം

പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.

ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനി,ഷ-

ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം.

ഏകോദരസോദരർ നാമേവരു,മെല്ലാജീവികളും

ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ

അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ--

ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?

അഹോ! ജയിപ്പൂ ജഗദാധാരമൊരത്ഭുതദിവ്യമഹ--

സ്സഖണ്ഡമദ്വയമചിന്ത്യവൈഭവമനാദിമദ്ധ്യാന്തം.

S.N.V.H.S.S ANAD19

## ധ്വനി

ആഴ് വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻപുലയനിലു-
ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം
അരചർക്കരചനമടിമയ്ക്കടിമയുമഭിന്നർ; ഉള്ളിലവർ--
ക്കതിൽക്കൊളുത്തിന തിരിതാ-ൻ കത്തുവതന്തഃകരണാഖ്യം.

IV

നമോസ്തുതേ മജ്ജീവനദായക! നടേശ! പരമാത്മൻ!
നരാഖ്യമങ്ങേ നർത്തകഗണമിതിൽ ഞാനുമൊരല്പാങ്ഗം.
വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം;
വിശ്വപ്രിയമായ് നടനം ചെയ്‌വതു വിധേയനെൻകൃത്യം.

[ 4 ]

അരങ്ങുലയ്ക്കാനരചൻ മതിയാമതിനു കൊഴുപ്പേകാ-
നനുചരനാവാ, മണിയാടകളല്ലഭിനയമതു സിദ്ധം.
അകമേ നിലകൊണ്ടതാതുച്ചുവടുക,ളാമരുതെന്നുതിരി-
ച്ചടിയനു കാട്ടിത്തരുവോനവിടുന്നന്യർ ധരിക്കാതെ.
അതൊന്നു കാണ്മാൻ മിഴികൾ തുറന്നാലന്നിമിഷംമുതൽ ഞാ-
നരങ്ങുമണിയറയും പുകഴും മട്ടാടാനതുചതുരൻ.
പരാപരാത്മൻ! ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാണ്മൂ
ചരാചരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ?
പരമാർത്ഥത്തില്പ്പരനും ഞാനും ഭവാനുമൊന്നല്ലീ?
ഭവാനധീനം പരമെന്നുടലും പ്രാണനും; അവ രണ്ടും
പരാർത്ഥമാക്കുക പകലും രാവും; പ്രഭോ! നമസ്കാരം!

മണിമഞ്ജൂഷ 1933

# വീണപൂവ്




**ഹാ**! പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര–അസംശയ–മിന്നു നിന്റെ–
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ? 1 |

ലാളിച്ചു പെറ്റ ലതയമ്പൊടു ശൈശവത്തിൽ
പാലിച്ചു പല്ലവപുടങ്ങളിൽ വെച്ചു നിന്നെ;
ആലോലവായു ചെറുതൊട്ടിലുമാട്ടി, താരാ–
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ 2

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ 3

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി–
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്വവുമയേ, തെളിവാർന്ന താരാ–
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ 4

ഈവണ്ണമമ്പൊടു വളർന്നഥ നിൻറെയംഗ–
മാവിഷ്ക്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ, അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു. 5

ആരോമലാമഴക്, ശുദ്ധി, മൃദുത്വ, മാഭ
സാരള്യമെന്ന, സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ; ആ മൃദുമെയ്യിൽ നവ്യ–
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ. 6

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ–
വൈരിയ്ക്കു മുൻപുഴറിയോടിയ ഭീരുവാട്ടെ,
നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി–
യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം. 7

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക–

മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ; ചിത്രമല്ല-
തില്ലാർക്കുമീഗ്ഗുണവു, മേവമകത്തു തേനും. 8

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ-
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം. 9

"കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന"മെന്നു നിന്റെ-
യീ ലോലമേനി പറയുന്നനുകമ്പനീയം. 10

അന്യോപമാണഴകു കണ്ടു വരിച്ചിടും നീ-
യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം;
എന്നല്ല, ദൂരമതിൽനിന്നനുരാഗമോതി
വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ. 11


കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ചു
തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ടു
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം. 12

"എന്നംഗമേകനിഹ തീറുകൊടുത്തുപോയ് ഞാൻ
എന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?
ഇന്നോമലേ വിരവിലെന്നെ വെടിഞ്ഞിടല്ലേ"
എന്നൊക്കെയല്ലി ബത! വണ്ടു പുലമ്പിടുന്നു? 13

ഹാ! കഷ്ട,മാ വിബുധകാമിതമാം ഗ്ഗുണത്താ-
ലാകൃഷ്ടനാ, യനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു; നിത്യ-
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ. 14

കുമാരനാശാൻ

ധ്വനി



പ്രകൃതിയെ നശിപ്പിക്കാതിരിക്കു  ജീവിതം സംരക്ഷിയ്ക്കു.......................

S.N.V.H.S.S ANAD23

## നന്മയുള്ള മനുഷ്യരാകാം

*വരൂ നമുക്ക് നന്മയുള്ള മനുഷ്യരാകാം*
*തിന്മയട് പൊരുതി ജയിച്ചിടാം*
*നന്മയുടെ അതിരുകൾ ഭേദിയ്ക്കാം*
*നന്മയുള്ള മനുഷ്യനെ ഉയർത്തീടാം*
*നന്മയെ വാനോളമുയർത്തീടാം*
*വരൂ നമുക്ക് നന്മയുടെ നാളെയെ കെട്ടിപ്പടുക്കാം*
*തിന്മയുടെ അഴുക്കു ചാലുകൾ നീന്തിക്കടക്കാം*
*വരൂ നമുക്ക് നന്മയുടെ പടവുകൾ ചവുട്ടിക്കയറീടാം*
*നന്മയുടെ ഉയരങ്ങൾ കീഴടക്കാം*
*തിന്മയെന്ന തമസ്സിനെ നന്മകൊണ്ട് തളച്ചീടാം*
*നന്മയുള്ളൊരു ജീവിതം നയിച്ചീടാം*
*വരൂ നമുക്കൊന്നിച്ച് നന്മയുള്ള മനുഷ്യരാകാം*
**ദൈവത്തെ സ്മരിച്ച് ജീവിച്ചിടാം.**

ധ്വനി